"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്-ലൈഫ് മിഷൻ സംസ്ഥാന ഓഫീസിൽ കരാറടിസ്ഥാനത്തിൽ ഡെപ്യൂട്ടി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി ജോലി നോക്കുന്ന ശ്രീ. കെ. പി. സാബുക്കുട്ടൻ നായർക്ക് വിടുതൽ ചെയ്യുന്നതിനുള്ള അനുമതി നൽകിയും തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ശ്രീ. ആർ. എസ്. കണ്ണന് ഡെപ്യൂട്ടി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ അധികചുമതല നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിബി) വകുപ്പ്**

സ.ഉ.(സാധാ) നം.723/2022/LSGD തീയതി,തിരുവനന്തപുരം, 23-03-2022

---

പരാമർശം:-
1. ലൈഫ് മിഷൻ ഡെപ്യൂട്ടി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ.കെ.പി.സാബുക്കുട്ടൻ നായരുടെ 14/03/2022 തീയതിയിലെ അപേക്ഷ.
2. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 14/03/2022 തീയതിയിലെ LM4/10/2017/LIFE/HQ/Est. നമ്പർ കത്ത്.

**ഉത്തരവ്**

ലൈഫ് മിഷൻ സംസ്ഥാന ഓഫീസിൽ കരാറടിസ്ഥാനത്തിൽ ഡെപ്യൂട്ടി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി 15/11/2017 മുതൽ ജോലി നോക്കിവരുന്ന ശ്രീ. കെ. പി. സാബുക്കുട്ടൻ നായർ 24/03/2022 അപരാഹ്നത്തിൽ കരാർ ജോലിയിൽ നിന്നും ഒഴിവാക്കുന്നതിന് പരാമർശം (1) പ്രകാരം അപേക്ഷിച്ചിരിക്കുന്നുവെന്നും പകരം ജീവനക്കാരനെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും പരാമർശം (2) പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അപേക്ഷിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ലൈഫ് മിഷൻ സംസ്ഥാന ഓഫീസിൽ കരാറടിസ്ഥാനത്തിൽ ഡെപ്യൂട്ടി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി ജോലി നോക്കിവരുന്ന ശ്രീ. കെ. പി. സാബുക്കുട്ടൻ നായർക്ക് 24/03/2022 അപരാഹ്നത്തിൽ വിടുതൽ ചെയ്യുന്നതിനുള്ള അനുമതി നൽകിയും പുതിയ നിയമനം നടക്കുന്നതുവരെ തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ശ്രീ. ആർ. എസ്. കണ്ണന് ലൈഫ് മിഷൻ ഡെപ്യൂട്ടി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ അധികചുമതല നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിജു പ്രഭാകർ

സെക്രട്ടറി

ശ്രീ. ആർ. എസ്. കണ്ണൻ, സ്പെഷ്യൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്.

ശ്രീ.കെ.പി.സാബുക്കുട്ടൻ നായർ, ഡെപ്യൂട്ടി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, വെബ് &ന്യൂ മീഡിയ വിംഗ്, ഐ & പിആർഡി, തിരുവനന്തപുരം.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Reenamma P A
സെക്ഷൻ ഓഫീസർ
Date: 24-03-2022 10:32:25

പകർപ്പ്-ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി എസ്.
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി എ.
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി എ.